# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5037      27.06.2019-ൽ മറുപടിയ്ക്ക്

### നോർക്ക പുനരധിവാസ പദ്ധതി

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, പി.ടി. തോമസ്<br>,, സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് നോർക്ക പുനരധിവാസ പദ്ധതിയുടെ ഭാഗമായി എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; | എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് വേണ്ടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി ഗുണ ഭോക്താക്കൾക്ക് താൽപര്യമുള്ള മേഖലക ളിൽ പരിശീലനകളരികൾ, ബോധവൽക്ക രണ സെമിനാറുകൾ എന്നിവ നടത്തി വരുന്നു. ഇതിന് പുറമേ സംരംഭകർക്ക് പദ്ധതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, അത് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്ക രീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിനുവേണ്ട വിവിധ നടപടി ക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സർക്കാർ ഏജൻസി മുഖാന്തിരം ചെയ്യുന്നുണ്ട്. മാത്രമല്ല ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറ് മാസം ആവശ്യമായ സഹായങ്ങൾ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ നോർക്കാ റൂട്ട്സുമായി ധാരണാപത്രം ഒപ്പിട്ടിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം ലോൺ നൽകി വരുന്നുണ്ട്. ഇതിൽ സൗകര്യപ്രദമായത് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യസ്ഥാപനത്തിലേക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ അവയുടെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| ബി) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ലോൺ അനുവദിക്കാറുണ്ടോ; എങ്കിൽ 2018-ൽ എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ; | ബി) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 791 ഗുണഭോക്താക്കൾക്ക് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി പ്രകാരം ചെറുകിട വ്യവസായങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ ബാങ്കുകൾ വേണ്ടത്ര സഹകരണം നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് പ്രവാസികളുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | നോർക്ക പുനരധിവാസ പദ്ധതിയുടെ തുടക്കത്തിൽ ചില ബാങ്കുകളുടെ സഹകരണമില്ലായ്മ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ സർക്കാർ സമയോചിതമായി ഇടപെട്ടതിനെ തുടർന്ന് ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷനും, ഫെഡറൽ ബാങ്കും ഉൾപ്പെടെ നിലവിൽ 13 ധനകാര്യസ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചു വരുന്നു. ലോൺ നൽകുന്നതിന് ഓരോ ബാങ്കിലും നിലനിൽക്കുന്ന നിബന്ധനകൾ മനസ്സിലാക്കി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അതിനനുസൃതമായി ലോൺ ലഭ്യമാക്കാൻ ഗുണഭോക്താക്കളെ സഹായിക്കുന്നതിനും സർക്കാർ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നോർക്ക റൂട്ട്സിന്റെ ഭാഗത്ത് നിന്നും ബാങ്കുകളുമായി നേരിട്ട് ഇടപെട്ട് ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.<br>കേരളത്തിൽ 800 ബ്രാഞ്ചുകളുള്ളതും നല്ലൊരു ശതമാനം എൻ.ആർ.ഐ അക്കൗണ്ട് ഉള്ളതുമായ ഫെഡറൽ ബാങ്ക്, 16 ശാഖകളും 3 മേഖലാ ഓഫീസുകളും ഉള്ള |

| | | | |
|---|---|---|---|
| | | | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവരുടെ സഹകരണം മൂലം ഈ പദ്ധതി വഴിയുള്ള ചെറുകിട വ്യവസായസംരംഭങ്ങൾക്ക് ഉണർവ്വും ഊർജ്ജവും നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ